"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - കോട്ടയം ജില്ലയിലെ എലിക്കുളം ഗ്രാമപഞ്ചായത്തിലെ മുൻ ക്ലാർക്ക് ശ്രീ.മുസ്തഫ.കെ.എം ന്റെ ഹാജരില്ലായ്മക്കാലയളവ് മുൻകാല സർവ്വീസ് നഷ്ടമാകാത്ത വിധം നോൺ ഡ്യൂട്ടിയായി ക്രമീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1701/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 07/09/2021

---

പരാമർശം:-

1. 14.06.1994ലെ 36/94/ധന നമ്പർ സർക്കുലർ.
2. സ.ഉ(സാധാ)നം.2657/2007/ തസ്വഭവ തീയതി 29.09.2007
3. ശ്രീ.മുസ്തഫാ.കെ.എം ന്റെ 14.05.2018ലെ ശൂന്യവേതനാവധിയപേക്ഷ.
4. പഞ്ചായത്ത് ഡയറക്ടറുടെ 16.11.2012ലെ ഇ6-18493/12, 10.06.2021 ലെ ഇ6-3725/19 നമ്പർ കത്തുകൾ.

ഉത്തരവ്

കോട്ടയം ജില്ലയിലെ എലിക്കുളം ഗ്രാമപഞ്ചായത്തിലെ മുൻ ക്ലാർക്ക് ശ്രീ.മുസ്തഫ കെ.എം. 26.07.2007 മുതൽ 30.09.2007 വരെയും, 29/09/2012 മുതൽ 11/12/2014 വരെയുമുള്ള ഹാജരില്ലായ്മക്കാലയളവ് ക്രമീകരിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (3) പ്രകാരം ടിയാൻ സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. പരാമർ ശം (2) ഉത്തരവ് പ്രകാരം ശ്രീ.മുസ്തഫ.കെ.എം ന് ഉത്തരവ് തീയതി മുതൽ 5 വർ ഷത്തേയ്ക്ക് KSR part 1, Appendix XIIA പ്രകാരം വിദേശത്ത് ജോലി സ്വീകരിയ്ക്കാനായി ശൂന്യവേതനാവധി അനുവദിച്ചിരുന്നു. പ്രസ്തുത ശൂന്യവേതനാവധി 28.09.2012-ന് അവസാനിച്ചതിനാൽ 29.09.2012 മുതൽ 5 വർഷത്തേയ്ക്ക് കൂടി ശൂന്യവേതനാവധി അനുവദിയ്ക്കണമെന്ന് പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്തു. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഉത്തരവിനെത്തുടർ ന്ന് 26.07.2007 മുതൽ 30.09.2007 വരെ ടിയാൻ ശൂന്യവേതനാവധിയിൽ പ്രവേശിയ്ക്കുകയും പിന്നീട് പരാമർ ശം (2) ഉത്തരവ് പുറപ്പെടുവിച്ചതിന് ശേഷം ജോലിയിൽ പുനപ്രവേശിയ്ക്കാതെ അവധിയിൽ തുടരുകയും ചെയ്തു. അനധികൃത ഹാജരില്ലായ്മയ്ക്കെതിരെ ടിയാന്റെ രണ്ട് വാർഷിക ശമ്പള വർദ്ധനവുകൾ സഞ്ചിത ഫലത്തോടെ തടഞ്ഞ് ടിയാനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുണ്ട്. ടിയാന് 26/07/2007 മുതൽ 30/09/2007 വരെ പഞ്ചായത്ത് സെക്രട്ടറി അനുവദിച്ച ശൂന്യവേതനാവധി റദ്ദ് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം ജില്ലയിലെ എലിക്കുളം ഗ്രാമപഞ്ചായത്തിലെ മുൻ ക്ലാർക്ക് ശ്രീ.മുസ്തഫ.കെ.എം ന്റെ 26/07/2007 മുതൽ 28/09/2007

വരെയും, 29/09/2012 മുതൽ 11/12/2014 വരെയുമുള്ള ഹാജരില്ലായ്മക്കാലയളവുകൾ 26/07/2007 ന് മുൻപ് ശ്രീ.കെ.എം മുസ്തഫ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടുള്ള സാഹചര്യത്തിൽ മുൻകാല സർവ്വീസ് നഷ്ടമാകാത്ത വിധം നോൺ ഡ്യൂട്ടിയായി ക്രമീകരിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം (പഞ്ചായത്ത് ഡയറക്ടർ മുഖേന).

സെക്രട്ടറി, എലിക്കുളം ഗ്രാമപഞ്ചായത്ത്, കോട്ടയം(പഞ്ചായത്ത് ഡയറക്ടർ മുഖേന).

ശ്രീ.മുസ്തഫ.ാ.കെ.എം, ക്ലാർക്ക്, എലിക്കുളം ഗ്രാമപഞ്ചായത്ത്, കോട്ടയം(പഞ്ചായത്ത് ഡയറക്ടർ മുഖേന)

ധന വകുപ്പ്(25.10.2019 ലെ ഡെവ.1/325/2018/ധന നമ്പർ കുറിപ്പ് പ്രകാരം)

ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പ്(11.04.2019 ലെ Adv-B2/57/2019/ഉഭപവ നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

ഓഫീസ് പകർപ്പ്/ കരുതൽ ഫയൽ.(189/ഇപിഎ1/2015/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ